# തെറ്റുകൾ ഏറ്റുപറയുക

## മർക്കോസ് 9:24

"ബാലന്റെ അപ്പൻ ഉടനെ നിലവിളിച്ചു: കർത്താവേ, ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസത്തിന്നു സഹായിക്കേണമേ എന്നു പറഞ്ഞു."

മർക്കോസിന്റെ സുവിശേഷം അദ്ധ്യായം 9 തുടങ്ങുന്നത് യേശു, തന്റെ പ്രിയ ശിഷ്യന്മാരായിരുന്ന മൂന്നു പേരുമായി ഉയർന്നോരു മലയിലേക്കു പോയി പ്രാർത്ഥിക്കുമ്പോൾ അവരുടെ മുമ്പാകെ രൂപാന്തരപ്പെടുന്ന സംഭവം ചിത്രീകരിച്ചു കൊണ്ടാണ്. അതിന്നു ശേഷം അവരുമായ് താഴെ എത്തിയപ്പോൾ, ഊമനായ ദുരാത്മാവ് ബാധിച്ച മകനുമായി യേശുവിന്റെ അടുക്കൽ വന്ന ഒരു പിതാവിനെ കണ്ടു. യേശു ചെയ്ത അത്ഭുതപ്രവൃത്തികളുടെ മഹിമ അറിഞ്ഞു തന്റെ മകനെ സൗഖ്യമാക്കുവാൻ കടന്നു വന്ന ആ പിതാവിനെ ശിഷ്യഗണമായിരുന്നു ആദ്യം കണ്ടുമുട്ടിയത്. ഒരു പക്ഷെ ശിഷ്യന്മാർ അദ്ദേഹത്തോട്, ഗുരു മലമുകളിൽ പ്രാർത്ഥിക്കാൻ പോയിരിക്കുന്നു എന്ന വിവരവും പങ്കു വെച്ചു കാണും. അപ്പോൾ ആ പിതാവ്, ഇവിടെ വിവരിക്കുന്നതു പോലെ, ശിഷ്യന്മാരോട് തന്റെ മകനെ സൗഖ്യമാക്കാൻ അപേക്ഷിച്ചു എങ്കിലും അവർക്ക് കഴിഞ്ഞില്ല. ഇത് ഒരു പക്ഷെ ആ പിതാവിനെ, താൻ കേട്ട യേശുവിന്റെ അത്ഭുതപ്രവൃത്തികളുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന തരത്തിലേക്ക് നയിക്കുവൻ ഇടയായിത്തീർന്നു. അതിന്റെ ഫലമാണ് തുടർന്നു നടക്കുന്ന സംഭവം.

ആകയാൽ യേശുവിനെ കണ്ടപ്പോൾ ആ പിതാവ്, യേശുവിന് കഴിയുമെങ്കിൽ തന്റെ മകനെ സൗഖ്യമാക്കണമെന്ന് യേശുവിനോട് അപേക്ഷിച്ചു. ഈ വാക്ക് വാസ്തവത്തിൽ ദൈവപ്രവൃത്തിക്ക് തടസ്സമായിരുന്നു. അയാളുടെ വിശ്വാസക്കുറവിനെ യേശു ചൂണ്ടിക്കാണിച്ചു. തനിക്കു തെറ്റു സംഭവിച്ചു എന്നു മനസ്സിലാക്കിയ ഉടൻ ആ മനുഷ്യൻ നടത്തിയ പ്രതികരണമാണ് നാം മേൽ വായിക്കുന്നത്. പൊട്ടിക്കരഞ്ഞു കൊണ്ട് തന്റെ കുറവുകൾ അയാൾ ഏറ്റു പറയുമ്പോൾ ഉടൻ തന്നെ യേശു ആ മകനെ സൗഖ്യമാക്കി. മന:പൂർവ്വമല്ലാത്ത തെറ്റുകൾ സംഭവിച്ചാൽ അതു ദൈവത്തോട് ഏറ്റു പറഞ്ഞു ക്ഷമ ചോദിക്കുമെങ്കിൽ ദൈവം അത് ക്ഷമിച്ചു തരുമെന്നതിന് ഉദാഹരണമാണ് ഇവിടെ നടക്കുന്ന സംഭവം.

ഇതിൽ നിന്നും നമുക്ക് ലഭിക്കുന്ന ഗുണപാഠം ഇതാണ്, നമ്മുടെ വീഴ്ചകളെ ഒരിക്കലും ന്യായീകരിക്കരുത്. കുറവുകൾ ദൈവത്തോട് ഏറ്റു പറയാൻ ഒട്ടും വൈകരുത്. നമ്മെ നന്നായി അറിയുന്ന ദൈവത്തിന്റെ സന്നിധിയിൽ ഒന്നും മറച്ചു വെയ്ക്കാൻ ശ്രമിക്കരുത്.

അനുതാപത്തോടെ ദൈവത്തോട് ഏറ്റുപറയാൻ തയ്യാറായാൽ അത്ഭുതകരമായ ദൈവപ്രവൃത്തി കാണുവാൻ കഴിയും. അൽപം പോലും വൈകാതെ ദൈവമുമ്പാകെ നമ്മെത്തന്നെ താഴ്ത്തി സമർപ്പിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

സദൃ.വാക്യങ്ങൾ 28:13

തന്റെ ലംഘനങ്ങളെ മറെക്കുന്നവന്നു ശുഭം വരികയില്ല; അവയെ ഏറ്റുപറഞ്ഞു ഉപേക്ഷിക്കുന്നവന്നോ കരുണ ലഭിക്കും.

ബ്രദർ. ബിനു ബേബി ആലപ്പുഴ 138